## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2058 — 12.02.2013-ൽ മറുപടിയ്ക്ക്.

## വനമേഖലയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പാലോട് രവി<br>ശ്രീ.പി. എ. മാധവൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എ. റ്റി. ജോർജ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനമേഖലകളിൽ നിന്ന് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) വന്യമൃഗസങ്കേതങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനപ്രദേശങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും പൂർണ്ണമായും വിമുക്തമാക്കി, വന്യമൃഗങ്ങളേയും പരിസ്ഥിതിയേയും പ്ലാസ്റ്റിക്ക് മൂലമുള്ള വിപത്തിൽ നിന്നും മോചിപ്പിക്കുക എന്നതാണ് ലക്ഷ്യം. ഇതുവരെ കൈക്കൊണ്ടിട്ടില്ലാത്ത തരത്തിൽ നിരന്തരവും ശക്തവുമായ നടപടികൾ എല്ലാ ജനവിഭാഗങ്ങളുടേയും സഹകരണത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) ഈ പദ്ധതിയിൽ ആരുടെയെല്ലാം സേവനങ്ങളാണ് ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നത്; | (സി) പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, വിദ്യാർത്ഥികൾ, പ്രകൃതിസംരക്ഷണ പ്രവർത്തകർ, സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാ ജന വിഭാഗങ്ങളുടെയും സഹകരണവും സേവനവുമാണ് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (ഡി) പദ്ധതിയുടെ പുരോഗതി നിരീക്ഷിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) പദ്ധതിയുടെ പുരോഗതി വകുപ്പുതലത്തിലും സർക്കാർ തലത്തിലും തുടർച്ചയായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾക്ക് പുറമെ എടുത്ത നടപടികളുടെ ഫോട്ടോകൾ ഇ-മെയിൽ മുഖേന സർക്കാരിലേയ്ക്കും വകുപ്പാസ്ഥാനത്തേയ്ക്കും കൃത്യമായി അയയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.